# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2808      06/02/2018 – ൽ മറുപടിക്ക്

## പുതുതായി അനുവദിച്ച ഇ.എസ്.ഐ ഡിസ്പെൻസറികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ജോർജ് എം. തോമസ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| ( എ) | സർക്കാർ പുതുതായി പ്രഖ്യാപിച്ച ഇ.എസ്.ഐ ഡിസ്പെൻസറികളിൽ എവിടെയെല്ലാം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) യും (ബി) യും | സംസ്ഥാനത്ത് പുതിയതായി 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയും അതിന്റെ പ്രവർത്തനത്തിന് ആവശ്യമായ 162 സ്ഥിരം തസ്തികകൾ സൃഷ്ടിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഡിസ്പെൻസറികളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് ഇ.എസ്.ഐ കോർപ്പറേഷനാണ്. ഈ വിഷയം ഇ.എസ്.ഐ കോർപ്പറേഷന്റെ സജീവ പരിഗണനയിലാണ്.<br><br>സംഘടിതമേഖലയിലെ പത്തോ അതിലധികമോ തൊഴിലാളികൾ സേവനം ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും, അവരുടെ കുടുംബാംഗങ്ങൾക്കും, ഇ.എസ്.ഐ പദ്ധതി പ്രകാരമുള്ള വൈദ്യ ചികിത്സ, രോഗാനുകൂല്യം, അവശതാനുകൂല്യം, ആശ്രിതാനുകൂല്യം, പ്രസവാനുകൂല്യം, ശവസംസ്കാരത്തിനുള്ള ആനുകൂല്യം എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. |
| (ബി) | പ്രഖ്യാപിച്ച ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കേണ്ടതെന്നും ഡിസ്പെൻസറിയിൽ നിന്നും ഏതെല്ലാം വിഭാഗങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുക എന്നും വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ